

എസ്. ഹരികിഷോർ ഐ.എ.എസ്

# കുട്ടികളുടെ കുടുംബശ്രീ ബാലസഭ

അയൽക്കൂട്ട യോഗങ്ങളിലേക്ക് അമ്മമാർ വരുമ്പോൾ കൂടെവരുന്ന കുട്ടികൾ യോഗസമയത്ത് ഇരിക്കുകയും പിന്നീട് സംഘം ചേർന്ന് കളിക്കാൻ തുടങ്ങുകയും ചെയ്തതിൽ നിന്നും ആശയം ഉൾക്കൊണ്ടാണ് കുടുംബശ്രീ മിഷൻ കുട്ടികൾക്കായി 'ബാലസഭ'കൾ രൂപീകരിച്ചത്. അഞ്ച് വയസ് മുതൽ 15 വയസ് വരെയുള്ള കുട്ടികളുടെ കൂട്ടായ്മയാണ് 'ബാലസഭ'. ഇന്ന് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലുമായി 43,000-ലധികം ബാലസഭകൾ ഉണ്ട്. അംഗങ്ങളുടെ എണ്ണം 7 ലക്ഷത്തിലേറെയായപ്പോൾ കുടുംബശ്രീക്ക് അത് അഭിമാനത്തിന്റെ നിമിഷങ്ങളാണ്.

കുട്ടികളുടെ കൂട്ടായ്മയായി തുടങ്ങിയ ബാലസഭകൾക്ക് കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ വ്യക്തമായ ഒരു ഘടന പിന്നീട് നൽകുകയുണ്ടായി. ഓരോ വാർഡിലും 10 മുതൽ 30 വരെ കുട്ടികൾ അടങ്ങുന്ന 'അയൽക്കൂട്ട'ങ്ങൾക്ക് സമാനമായ സംഘങ്ങളാണ് 'ബാലസഭ'കൾ. ഒരു വാർഡിൽ ഒന്നോ അതിലധികമോ ബാലസഭകൾ ഉണ്ടാകാം. ആഴ്ച തോറും മീറ്റിംഗ് കൂടണമെന്ന നിബന്ധനയാണുള്ളത്.

കുടുംബശ്രീയുടെ മൂന്ന് തലത്തിലുള്ള സംഘടനാ സംവിധാനം ബാലസഭയ്ക്കും നൽകിയിട്ടുണ്ട്. ബാലസഭകളുടെ പ്രവർത്തനത്തിന് വാർഡ് തലത്തിൽ നേതൃത്വം നൽകുന്നത് ബാലസഭാ ഭാരവാഹികളുടെ കൂട്ടായ്മയായ 'ബാലസമിതി'യാണ്. വിവിധ ബാലസമിതികളുടെ പ്രതിനിധികൾ ചേർന്ന് പഞ്ചായത്ത് തലത്തിൽ മേൽ

നോട്ടം നൽകാൻ 'ബാലപഞ്ചായത്തും' ഉണ്ട്. പുതുക്കിയ ബൈലോ പ്രകാരം 6 മുതൽ 18 വയസ് വരെയുള്ള കുട്ടികൾക്ക് ബാലസഭയിൽ അംഗത്വമെടുത്ത് പ്രവർത്തിക്കാൻ സാധിക്കും.

കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വളർത്താനും, പഠനത്തിന് പ്രോത്സാഹനം നൽകാനും, പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രചോദനം നൽകാനും, വിശാലമായ ചിന്തയെ ഉണർത്താനും ബാലസഭയുടെ പ്രവർത്തനങ്ങൾക്ക് സാധിക്കുന്നു. ഇതുകൂടാതെ ബാലസമിതിയും ബാലപഞ്ചായത്തും പ്രവർത്തിക്കുന്നതിലൂടെ വിവിധ പ്രാദേശിക പ്രശ്നങ്ങൾ പഠിക്കാനും സാമൂഹ്യ വികസനത്തിൽ നിർദ്ദേശങ്ങൾ നൽകാനും സേവനസന്നദ്ധതയോടെ പ്രവർത്തിക്കാനും കുട്ടികൾക്ക് വലിയൊരു അവസരമാണ് 'ബാലസഭ'കളിലൂടെ ലഭിക്കുന്നത്. ആദ്യഘട്ടത്തിൽ ലഘുസമ്പാദ്യശീലം വളർത്താൻ പദ്ധതിയുണ്ടായിരുന്നെങ്കിലും പിന്നീട് സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കാണ് 'ബാലസഭ'കൾ ഊന്നൽ നൽകിയത്.

വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ഈ വർഷം 'ബാലസഭ'കൾക്കുവേണ്ടി കുടുംബശ്രീ ആസൂത്രണം ചെയ്തിട്ടുള്ളത്. ബാലസഭാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ ബ്ലോക്കിലും മൂന്ന് റിസോഴ്സ് പേഴ്സൺമാരെ (കുടുംബശ്രീ പ്രവർത്തകർ) തെരഞ്ഞെടുത്തു കഴിഞ്ഞു. ഇവരിലൂടെ സെപ്റ്റംബർ മാസത്തിൽ 'നാടറിയാൻ' എന്ന ക്യാമ്പയിനാണ് ആദ്യമായി ചെയ്യുക. ഓരോ പഞ്ചായത്തിലേയും ആറു കുട്ടികളെ തെരഞ്ഞെടുത്ത് സ്വന്തം പഞ്ചായത്തിലൂടെ നടന്ന് ചരിത്രവും വസ്തുതകളും മനസ്സിലാക്കി, പൊതു പ്രശ്നങ്ങൾ പഠിച്ച് അവയ്ക്കുള്ള പരിഹാരമാർഗങ്ങളും നിർദ്ദേശിക്കാനാണ് 'നാടറിയാൻ' എന്ന പദ്ധതി ആസൂത്രണം ചെയ്തത്. 'ബാലസഭ'കളിലൂടെ പ്രാദേശിക വികസനം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഒരു വലിയ തുടക്കമാകും 'നാടറിയാൻ' എന്ന് കരുതുന്നു. എല്ലാവരുടെയും സഹകരണവും ആശയങ്ങളും 'നാടറിയാൻ' ക്യാമ്പയിനു വേണ്ടി ഉണ്ടാകുമെന്നും കരുതട്ടെ.

തുടർന്ന് 'ബാലസഭ'യിലെ കുട്ടികളുടെ ഒരു മാസിക തുടങ്ങുക എന്ന ലക്ഷ്യവും സംസ്ഥാനമിഷനുണ്ട്. സർഗശേഷി വർദ്ധിപ്പിക്കാനും, സ്വന്തം ആശയങ്ങൾ ആവിഷ്കരിക്കാൻ വേദി നൽകുക എന്നുമുള്ള ലക്ഷ്യത്തോടെയാണ് ഈ മാഗസിൻ തുടങ്ങുന്നത്. ഒക്ടോബർ മാസത്തോടെ മാഗസിന്റെ പ്രവർത്തനങ്ങൾ തുടങ്ങി ആദ്യലക്കം പുറത്തിറക്കും.

ബാലസഭകളുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷങ്ങളിൽ ചിട്ടയോടെ നടന്നുവരുന്ന ഒരു പ്രവർത്തനമാണ് 'ബാലപാർലമെന്റ്'. ജനാധിപത്യ പ്രക്രിയയെക്കുറിച്ച് കുട്ടികൾക്ക് അറിവു പകരാനും പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി നേതൃത്വം നൽകാൻ അവരെ പ്രാപ്തരാക്കാനും ബാലപാർലമെന്റുകൾക്ക് സാധിക്കുന്നു. എല്ലാ പഞ്ചായത്തുകളിലും നടക്കുന്ന ബാലപാർലമെന്റാണ് ആദ്യഘട്ടം. ഇതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്കായി ജില്ലാതലത്തിൽ ബാലപാർലമെന്റ് നടത്തും. മന്ത്രിയും, മുഖ്യമന്ത്രിയും, സ്പീക്കറുമൊക്കെയായി കുട്ടികൾ തന്നെ പ്രശ്നങ്ങൾ അവതരിപ്പിക്കുമ്പോൾ പുതിയ ഉണർവാണ് പ്രാദേശിക തലത്തിൽ ഉണ്ടാകുന്നത്. തുടർന്ന് സംസ്ഥാനതലത്തിൽ 'ബാലപാർലമെന്റ്' നടത്തുകയും നിയമസഭ സന്ദർശിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുകയും ചെയ്യും.

'യങ് മെന്റർ' പ്രോഗ്രാം എന്ന നൂതന ആശയമാണ് ഈ വർഷം 'ബാലസഭ'കൾക്കായി നടപ്പിലാക്കുന്ന മറ്റൊരു പദ്ധതി. കോളേജ് വിദ്യാർത്ഥികളായ കുട്ടികൾക്ക് പരിശീലനം നൽകി ബാലസഭയിലെ തെരഞ്ഞെടുത്ത കുട്ടികൾക്ക് നേതൃത്വ മികവിനുള്ള പരിശീലനം ഇവരിലൂടെ നൽകുന്ന പദ്ധതിയാണ് 'യങ് മെന്റർ' പ്രോഗ്രാം. ഇതിനുപരിയായി കുട്ടികളുടെ സർവതോന്മുഖമായ വികസനത്തിനും, വ്യക്തിത്വ വികസനത്തിനും ഉതകുന്ന വിവിധ പരിശീലനങ്ങളും പ്രവർത്തനങ്ങളും നടത്താൻ ജില്ലാതലത്തിൽ 'ബാലസഭ'കൾക്ക് അവസരം നൽകുന്നുണ്ട്. ഓരോ ജില്ലയുടെ പ്രവർത്തനങ്ങൾക്കും നൽകുന്ന ഈ സ്വാതന്ത്ര്യം ഉപയോഗിച്ച് വിവിധ പദ്ധതികൾ ജില്ലകളിൽ ആസൂത്രണം ചെയ്യാനും പത്താംതരം പാസായ കുട്ടികൾക്കായി പത്തനംതിട്ട ജില്ലയിൽ നടക്കുന്ന പ്രതിമാസ ക്ലാസ് 'ഇൻസൈറ്റ്' ഇതിന്റെ ഒരു ഉദാഹരണമാണ്. കുട്ടികളുടെ യാത്രകളും, ശാസ്ത്ര പഠന പരിപാടികളും, കലാകായിക മത്സരങ്ങളുമെല്ലാം വിവിധ ജില്ലകളിൽ ആസൂത്രണം ചെയ്തുവരുന്നു. കുട്ടികളുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങളും പിരിമുറുക്കങ്ങളും കുറയ്ക്കാനുള്ള കൗൺസലിംഗ് ക്ലാസുകളും, അനുബന്ധ പ്രവർത്തനങ്ങളും എല്ലാം ബാലസഭയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുമ്പോൾ, പുതിയ തലമുറയുടെ സമഗ്ര വികസനവും വളർച്ചയും 'കുടുംബശ്രീ'യിലൂടെ സാധ്യമാകുന്നുവെന്ന് പ്രതീക്ഷിക്കാം.